**D 71775** (Pages : 2) Name.....................................

Reg. No.....................................

# THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2019

(CUCBCSS–UG)

Malayalam

## MAL 3B 04—NADAKAM/THIRAKKATHA

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം :

1 'കുറുപ്പില്ലാക്കളരി' എന്ന പ്രഹസനമെഴുതിയത്.

2 മലയാളത്തിലെ ആദ്യത്തെ എക്സ്പ്രഷണിസ്റ്റ് നാടകം.

3 ഏതെങ്കിലും ഒരു നാടോടി നാടകത്തിന്റെ പേര്.

4 'നാടകം കണ്ണിന്റെ കല' ആരുടെ പുസ്തകം ?

5 'കുടുക്ക' എന്ന നാടകം എഴുതിയതാര് ?

6 'നാടുഗദ്ദിക' ഏത് വിഭാഗത്തിൽ പെടുന്ന നാടകമാണ് ?

7 'മലമുകളിൽ മഞ്ഞു പെയ്യുന്നു'—എഴുതിയതാര് ?

8 'വിധേയൻ' എന്ന സിനിമയ്ക്കാധാരമായ സാഹിത്യകൃതി.

9 'എടാ കുഞ്ഞമ്പോ നമുക്ക് രണ്ടാക്കും ചേർന്നൊരു കടക്കമ്പനി തുടങ്ങാം.......... എന്താ ? ആരുടെ വാക്കുകൾ ?

10 'കാലൻ കണിയാൻ' ഏതു നാടകത്തിലെ കഥാപാത്രമാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "നമ്മൾക്ക് ഒരു കണ്ടെത്തിലിറങ്ങി കൃഷി ചെയ്യാമെങ്കിൽ ഒരു മേൽപ്പുരയ്ക്കുള്ളിൽ താമസിക്കുകയും ചെയ്യാം". ആര് പറയുന്നു ? സന്ദർഭമെന്ത് ?

12 "എന്റെ രസവും രസക്കേടും നിസ്സാരമല്ലേ ? അതിനെപ്പറ്റി സംസാരിക്കാൻ വല്ലതുമുണ്ടോ ?" —ആർക്ക് ? ഏതു സാഹചര്യം ?

13 ഈഡിപ്പസിന്റെ ജനനസമയത്ത് കേട്ട അശരീരി എന്ത് ?

14 'രാവുണ്ണി' മുന്നോട്ടുവെക്കുന്ന ആശയം.

15 'പ്രഹസന'ത്തിന്റെ പ്രത്യേകത.

(5 × 2 = 10 marks)

Turn over

III. 150 വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

16 രാഷ്ട്രീയ നാടകങ്ങളുടെ പൊതുപ്രവണതകൾ 'കൂട്ടുകൃഷി'യെ മുൻനിർത്തി ചർച്ച ചെയ്യുക.

17 "ഭാവനയുടെ സമുദ്രത്തിൽ നിന്ന് എപ്പോഴും അശാന്തമായൊരു രോദനം പോലെ ഇരമ്പുന്നത് ജീവിതം തന്നെയാണ് ". താജിന്റെ നാടകത്തെപ്പറ്റിയുള്ള ഈ പരാമർശം രാവുണ്ണിയുടെ സൃഷ്ടിയിൽ പ്രകടമാകുന്നതെങ്ങനെ ?

18 'റോസ്മേരി'യുടെ കഥാപാത്ര സ്വഭാവം നിരൂപണം ചെയ്യുക.

19 'മഴ' സിനിമയുടെ കാഴ്ചാനുഭവമാകുന്നതെങ്ങനെ ?

20 തിരക്കഥാരചനയുടെ സവിശേഷതകൾ വ്യക്തമാക്കുക.

21 തനതു നാടക സങ്കല്പം ഉദാഹരണസഹിതം വിശകലനം ചെയ്യുക.

22 യോഗക്ഷേമനാടകങ്ങളുടെ പൊതുപ്രവണതകളെന്ത് ?

**(5 × 5 = 25 marks)**

IV. 300 വാക്കിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക.

23 'സ്ത്രീജിതനല്ല ശ്രീജിതനാണ് രാവണൻ'—ലങ്കാലക്ഷ്മിയെ അന്വർത്ഥമാക്കുന്ന സവിശേഷമാനങ്ങൾ പരിശോധിക്കുക.

24 'സ്വപ്നവാസവദത്തം' നാടകത്തെ ആസ്പദമാക്കി ദാസന്റെ രചനാപാടവം വിവരിക്കുക.

25 കുടുംബ ജീവിതത്തിന്റെ പ്രശ്നസങ്കീർണ്ണതയാണ് 'കന്യക'യുടെ ഗ്രന്ഥപാഠം—വ്യക്തമാക്കുക.

26 ഈഡിപ്പസ് രാജാവിന്റെ ദുരന്തജീവിതത്തെ അരങ്ങുവത്കരിക്കുന്നതിൽ സി.ജെ.യുടെ വിവർത്തനം എത്രത്തോളം മികവ് പുലർത്തിയിട്ടുണ്ട് ? വിവരിക്കുക.

27 'അനുകല്പനം' ഉദാഹരണസഹിതമെഴുതുക.

28 സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ അനാവരണം ചെയ്യുന്നതിൽ നാടകങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടോ ? സ്വാഭിപ്രായം ഉദാഹരണസഹിതം രേഖപ്പെടുത്തുക.

**(4 × 10 = 40 marks)**